**മധുരമായ കുട്ടികളേ - നിങ്ങൾ ആത്മാക്കളുടെ സ്നേഹം ഒരു ബാബയോടാണ്, ബാബ നിങ്ങളെ ആത്മാക്കളോട് സ്നേഹം വെക്കാനാണ് പഠിപ്പിക്കുന്നത്, ശരീരത്തോടല്ല.**

**ചോദ്യം:-** ഏത് പുരുഷാർത്ഥത്തിൽ തന്നെമാണ് മായ വിഘ്നമിടുന്നത്? മായാജീത്താകുന്നതിനുള്ള യുക്തിയെന്താണ്?

**ഉത്തരം:-**ബാബയെ ഓർമ്മിച്ച് നിങ്ങളുടെ പാപങ്ങളെ ഭസ്മമാക്കുമെന്ന പുരുഷാർത്ഥമാണ് നിങ്ങൾ ചെയ്യുന്നത്. ഉസ്താദായ ബാബ നിങ്ങൾക്ക് മായാജീത്താകുന്നതിനുള്ള യുക്തി പറഞ്ഞു തരുന്നു. നിങ്ങൾ ഉസ്താദിനെ തിരിച്ചറിഞ്ഞ് ഓർമ്മിക്കുകയാണെങ്കിൽ സന്തോഷമുണ്ടായിരിക്കും, പുരുഷാർത്ഥവും ചെയ്തുകൊണ്ടിരിക്കും, സേവനവും നന്നായി ചെയ്യും. മായാജീത്തായി മാറുകയും ചെയ്യും.

**ഗീതം:-** ഈ പാപത്തിന്റെ ലോകത്തു നിന്ന്....

**ഓം ശാന്തി**. ആത്മീയ കുട്ടികൾ ഗീതം കേട്ടു, അർത്ഥം മനസ്സിലാക്കി. ലോകത്തിലാരും തന്നെ അർത്ഥം മനസ്സിലാക്കുന്നില്ല. കുട്ടികൾ മനസ്സിലാക്കുന്നു, നമ്മൾ ആത്മാക്കളുടെ സ്നേഹം പരംപിതാ പരമാത്മാവിനോടൊപ്പമാണ്. ആത്മാവ് തന്റെ പിതാവായ പരംപിതാ പരമാത്മാവിനെ വിളിക്കുകയാണ്. സ്നേഹം ആത്മാവിനോടാണോ ശരീരത്തിനോടാണോ? സ്നേഹം ആത്മാവിനോടായിരിക്കണമെന്ന് ബാബയിപ്പോൾ പഠിപ്പിക്കുകയാണ്. ശരീരം നശിക്കുന്നതാണ്. ആത്മാവിലാണ് സ്നേഹം. ബാബയിപ്പോൾ മനസ്സിലാക്കിത്തരികയാണ്, നിങ്ങളുടെ സ്നേഹം പരമാത്മാ ബാബയോടൊപ്പമായിരിക്കണം, ശരീരത്തോടല്ല. ആത്മാവ് തന്നെയാണ് തന്റെ അച്ഛനെ,പുണ്യാത്മാക്കളുടെ ലോകത്തിലേയ്ക്ക് കൂട്ടിക്കൊണ്ടു പോകൂ എന്നുപറഞ്ഞ് വിളിക്കുന്നത്. നിങ്ങൾ മനസ്സിലാക്കി - നമ്മൾ പാപാത്മാക്കളായിരുന്നു, ഇപ്പോൾ വീണ്ടും പുണ്യാത്മാളായി മാറിക്കൊണ്ടിരിക്കുകയാണ്. ബാബ നിങ്ങളെ യുക്തിയോടുകൂടി പുണ്യാത്മാവാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ബാബ പറയുമ്പോഴാണ് കുട്ടികൾക്ക് അനുഭവം ഉണ്ടാവുന്നതും, നമ്മൾ ബാബയിലൂടെയും, ബാബയുടെ ഓർമ്മയിലൂടെയും പവിത്രമായ പുണ്യാത്മാവായി മാറികൊണ്ടിരിക്കുകയാണ് എന്ന് അറിയുന്നതും. യോഗബലത്തിലൂടെ നമ്മുടെ പാപം ഭസ്മമായിക്കൊണ്ടിരിക്കുകയാണ്. ബാക്കി ഗംഗയിലൊന്നും നമ്മുടെ പാപം കഴുകിക്കളയാൻ കഴിയില്ല. മനുഷ്യർ ഗംഗയിൽ പോയി സ്നാനം ചെയ്യുന്നു, ശരീരത്തെ മണ്ണിലടക്കുന്നു എന്നാൽ അതിലൂടെ യാതൊരു പാപവും ഇല്ലാതാവില്ല. ആത്മാവിലെ പാപം യോഗബലത്തിലൂടെ മാത്രമേ ഇല്ലാതാകുകയുള്ളൂ. കറ ഇളകുന്നുണ്ട്, എന്നത് കുട്ടികൾക്ക് മാത്രമേ അറിയാൻ സാധിക്കൂ ഒപ്പം നിശ്ചയമുണ്ട് നമ്മൾ ബാബയെ ഓർമ്മിക്കുമ്പോൾ നമ്മുടെ പാപം ഭസ്മമാകും. നിശ്ചയമുണ്ടെങ്കിൽ പിന്നീട് പുരുഷാർത്ഥവും ചെയ്യണമല്ലോ. ഈ പുരുഷാർത്ഥത്തിൽ തന്നെയാണ് മായ വിഘ്നമിടുന്നത്. ബലവാന്മാരോട് മായ നല്ല ശക്തിയായിത്തന്നെ യുദ്ധം ചെയ്യുന്നു. പാകപ്പെടാത്തവരോട് എന്തു യുദ്ധം ചെയ്യാനാണ്! കുട്ടികൾക്ക് സദാ ഈ ചിന്തയുണ്ടായിരിക്കണം, നമുക്ക് മായാജീത്ത് ജഗത്ജീത്തായി മാറണം. മായാജീത്ത്, ജഗത്ജീത്തിന്റെ അർത്ഥം പോലും ആരും മനസ്സിലാക്കുന്നില്ല.നിങ്ങൾക്കെങ്ങനെ മായയുടെ മേൽ വിജയം നേടാൻ സാധിക്കും എന്ന് ഇപ്പോൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. മായയും സമർത്ഥശാലിയാണയാണല്ലോ. നിങ്ങൾ കുട്ടികൾക്ക് ഉസ്താദിനെ ലഭിച്ചിരിക്കുകയാണ്. ആ ഉസ്താദിനെപ്പോലും നമ്പർവൈസായി ചിലർ വിരളമായേ അറിയുന്നുള്ളൂ. ആരാണോ അറിയുന്നത് അവർക്ക് സന്തോഷവുമുണ്ടായിരിക്കും. സ്വയം പുരുഷാർത്ഥവും ചെയ്യുന്നു. സേവനവും വളരെ നന്നായി ചെയ്യുന്നു. അമർനാഥിലേക്ക് ഒരുപാട് പേർ പോകുന്നു. ഇപ്പോൾ എല്ലാ മനുഷ്യരും പറയുന്നുണ്ട് വിശ്വത്തിൽ എങ്ങനെ ശാന്തിയുണ്ടാകും? ഇപ്പോൾ നിങ്ങൾ എല്ലാവർക്കും വ്യക്തമായി പറഞ്ഞു കൊടുക്കൂ, സത്യയുഗത്തിൽ വളരെയധികം സുഖ-ശാന്തിയുണ്ടായിന്നു. മുഴുവൻ വിശ്വത്തിലും ശാന്തിയുണ്ടായിരുന്നു. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു, മറ്റൊരു ധർമ്മവുമുണ്ടായിരുന്നില്ല. ഇന്നേയ്ക്ക് 5000 വർഷങ്ങൾക്കുമുമ്പ് ഇവിടെ സത്യയുഗമായിരുന്നു പിന്നീട് സൃഷ്ടിക്ക് തീർച്ചയായും കറങ്ങണം. ചിത്രത്തിലൂടെ നിങ്ങൾ വളരെ വ്യക്തമായി പറഞ്ഞു കൊടുക്കൂ, കൽപം മുൻപും ഇങ്ങനെയുള്ള ചിത്രം ഉണ്ടാക്കിയിരുന്നു. ദിവസംതോറും അഭിവൃദ്ധിയുണ്ടാകുന്നു. ചിലയിടത്ത് കുട്ടികൾ തീയതിയും, മാസവും എഴുതാൻ മറന്നു പോയിരിക്കുന്നു. ലക്ഷ്മീ നാരായണന്റെ ചിത്രത്തിൽ തീർച്ചയായും തീയതിയും, മാസവും എഴുതണം. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട് നമ്മൾ സ്വർഗ്ഗവാസിയായിരുന്നു, ഇപ്പോൾ വീണ്ടും ആയിത്തീരുകയാണ്. ആര് എത്ര പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും പദവി നേടുന്നു. ഇപ്പോൾ ബാബയിലൂടെ നിങ്ങൾ ജ്ഞാനത്തിന്റെ അതോറിറ്റിയായിരിക്കുന്നു. ഭക്തി ഇപ്പോൾ അവസാനിക്കുകയാണ്. സത്യ-ത്രേതായുഗത്തിൽ ഭക്തിയുണ്ടായിരിക്കില്ല. പിന്നീട് പകുതി കൽപം ഭക്തിയുണ്ടാകുന്നു. ഇതും ഇപ്പോൾ

നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ വരുന്നു. പകുതി കൽപത്തിന് ശേഷം രാവണരാജ്യം ആരംഭിക്കുന്നു. നിങ്ങൾ ഭാരതവാസികളിൽത്തന്നെയാണ് മുഴുവൻ കളിയും. 84 ന്റെ ചക്രവും ഭാരതത്തിൽ തന്നെയാണ്. ഭാരതം തന്നെയാണ് അവിനാശീ ഖണ്ഡം, ഇതും മുൻപ് അറിയുമായിരുന്നില്ല. ലക്ഷ്മീ-നാരായണനെ ദേവീ-ദേവതയെന്ന് പറയുമല്ലോ. എത്ര ഉയർന്ന പദവിയാണ്, പഠിപ്പും വളരെ സഹജമാണ്. ഈ 84 ന്റെ ചക്രം പൂർത്തിയാക്കി പിന്നീട് നമ്മൾ തിരിച്ച് പോകുന്നു. 84 ന്റെ ചക്രമെന്ന് പറയുന്നതിലൂടെ ബുദ്ധി മുകളിലേക്ക് പോകുന്നു. ഇപ്പോൾ നിങ്ങൾക്ക് മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനം എല്ലാം ഓർമ്മയുണ്ട്. മുൻപ് അറിയുമായിരുന്നില്ല - സൂക്ഷ്മവതനം എന്താണെന്നും, അവിടെ എങ്ങിനെ ചലനത്തിലൂടെ സംസാരിക്കുന്നുവെന്നും ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. ചലനമുള്ള സിനിമയും പുറത്തു വന്നിരുന്നു. നിങ്ങൾക്ക് മനസ്സിലാക്കാൻ സഹജമാകുന്നു. ശാന്തി, ചലനം, ശബ്ദം. നിങ്ങൾ എല്ലാം മനസ്സിലാക്കുന്നു ലക്ഷ്മീ-നാരായണന്റെ രാജ്യം മുതൽ ഇപ്പോൾ വരെയുള്ള മുഴുവൻ ചക്രവും ബുദ്ധിയിലുണ്ട്.

നിങ്ങൾക്ക് ഗൃഹസ്ഥത്തിലിരുന്നും ഈ ചിന്തയുണ്ടായിരിക്കണം, നമുക്ക് പാവനമായി മാറണം. ബാബ മനസ്സിലാക്കിത്തരികയാണ് ഗൃഹസ്ഥ വ്യവഹാരത്തിലിരുന്നും ഈ പഴയ ലോകത്തോടുള്ള മമത്വം ഇല്ലാതാക്കൂ. കുട്ടികളെയെല്ലാം സംരക്ഷിച്ചോളൂ. എന്നാൽ ബുദ്ധി ബാബയിലായിരിക്കണം. പറയാറുണ്ടല്ലോ - കൈകൊണ്ട് ജോലി ചെയ്തും ബുദ്ധി ബാബയുടെ നേരെ വെക്കൂ... കുട്ടികളെ കഴിപ്പിക്കൂ, കുടിപ്പിക്കൂ, കുളിപ്പിക്കൂ, ബുദ്ധിയിൽ ബാബയുടെ ഓർമ്മയുണ്ടായിരിക്കണം എന്തുകൊണ്ടെന്നാൽ ശരീരത്തിന് മേൽ പാപങ്ങളുടെ ഭാരം വളെരെയധികമുണ്ടെന്നറിയാം അതുകൊണ്ട് ബുദ്ധി ബാബയിൽ യോജിപ്പിക്കണം. ആ പ്രിയതമനെ വളരെ-വളരെ ഓർമ്മിക്കണം. പ്രിയതമനായ ബാബ നിങ്ങൾ എല്ലാ ആത്മാക്കളോടും പറയുകയാണ്, എന്നെ ഓർമ്മിക്കൂ.... ഈ പാർട്ടും ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ് പിന്നീട് 5000 വർഷങ്ങൾക്കു ശേഷം നടക്കും. ബാബ വളരെ സഹജമായ യുക്തി പറഞ്ഞു തരുന്നു. യാതൊരു ബുദ്ധിമുട്ടുമില്ല. ചിലർ പറയും ഞങ്ങൾക്കിത് ചെയ്യാൻ സാധിക്കില്ല, ഞങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് തോന്നുന്നു, ഓർമ്മയുടെ യാത്ര വളരെ ബുദ്ധിമുട്ടുള്ളതാണ്. നിങ്ങൾക്ക് അച്ഛനെ ഓർമ്മിക്കാൻ കഴിയുന്നില്ലേ! ബാബയെ ഒരിക്കലും മറക്കരുത്. ബാബയെ നല്ല രീതിയിൽ ഓർമ്മിക്കണം അപ്പോൾ വികർമ്മം വിനാശമാകും നിങ്ങൾ സദാ ആരോഗ്യമുള്ളവരായി മാറും. ഇല്ലായെങ്കിൽ ആകുകയില്ല. നിങ്ങൾക്ക് വളരെ നല്ല മരുന്ന് ഒരു ഡോസ് ലഭിക്കുന്നു. മരുന്നും ഒരു ഡോസല്ലേ. ഞാൻ ഗ്യാരണ്ടി നൽകുകയാണ്, ഈ യോഗ ബലത്തിലൂടെ 21 ജന്മത്തേക്ക് നിങ്ങൾ ഒരിക്കലും രോഗിയാവുകയില്ല. കേവലം ബാബയെ ഓർമ്മിക്കൂ- വളരെ സഹജമായ യുക്തിയാണ്. ഭക്തിമാർഗ്ഗത്തിൽ അറിയാതെ തന്നെ ഓർമ്മിച്ചിരുന്നു. ഇപ്പോൾ ബാബയിരുന്ന് മനസ്സിലാക്കിത്തരികയാണ്, നിങ്ങൾ തിരിച്ചറിഞ്ഞു, കൽപം മുൻപും ബാബാ ഞങ്ങൾ അങ്ങയുടെയടുത്ത് വന്നിരുന്നു, പുരുഷാർത്ഥം ചെയ്തിരുന്നു. ഉറച്ച നിശ്ചയമുണ്ടായിക്കഴിഞ്ഞു. നമ്മൾ തന്നെയാണ് രാജ്യം ഭരിച്ചിരുന്നത് പിന്നീട് നമ്മൾ തന്നെ നഷ്ടപ്പെടുത്തി, ഇപ്പോൾ വീണ്ടും ബാബ വന്നിരിക്കുകയാണ്, ബാബയിൽ നിന്നും രാജ്യഭാഗ്യം നേടണം. ബാബ പറയുകയാണ്,എന്നെയും രാജ്യത്തെയും ഓർമ്മിക്കൂ. മന്മനാ ഭവ. അന്തിമ ബുദ്ധിപോലെ തന്റെ ഗതിയുണ്ടാകും. ഇപ്പോൾ നാടകം പൂർത്തിയാവുകയാണ്, തിരിച്ച് പോകും. ബാബ എല്ലാവരെയും കൂട്ടിക്കൊണ്ടുപോകാൻ വന്നിരിക്കുകയാണ്. എങ്ങനെയാണോ വരൻ, വധുവിനെ കൂട്ടിക്കൊണ്ട് പോകാൻ വരുന്നത്. വധുവിന് വളരെയധികം സന്തോഷമുണ്ടാകുന്നു, നമ്മൾ നമ്മുടെ ഭർതൃഗൃഹത്തിലേക്ക് പോവുകയാണ്. നിങ്ങൾ എല്ലാവരും ഒരു രാമന്റെ സീതകളാണ്. രാമൻ തന്നെയാണ് നിങ്ങൾ എല്ലാവരെയും രാവണന്റെ ജയിലിൽ നിന്ന് മോചിപ്പിച്ച് കൊണ്ടുപോകുന്നത്. ലിബറേറ്റർ ഒരാൾ മാത്രമാണ്, രാവണരാജ്യത്തു നിന്നും മോചിപ്പിക്കുന്നു. പറയുന്നുമുണ്ട് - ഇത് രാവണരാജ്യമാണ്, എന്നാൽ യഥാർത്ഥ രീതിയിൽ മനസ്സിലാക്കുന്നില്ല. ഇപ്പോൾ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്, മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിന് വേണ്ടി വളരെ നല്ല നല്ല പോയിന്റുകൾ നൽകുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് - ഇങ്ങനെ എഴുതൂ, ബാബ കൽപം മുൻപത്തേതുപോലെ വിശ്വത്തിൽ ശാന്തി സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. ബ്രഹ്മാവിലൂടെ സ്ഥാപന ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വിഷ്ണുവിന്റെ രാജ്യമായിരുന്നപ്പോൾ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നല്ലോ. വിഷ്ണു തന്നെയാണ് ലക്ഷ്മീ നാരായണനായിരുന്നത്, ഇതും ആരും മനസ്സിലാക്കുന്നില്ല. വിഷ്ണുവിനെയും, ലക്ഷ്മീ നാരായണനെയും, രാധയേയും കൃഷ്ണനെയും വേറെ വേറെയെന്ന് മനസ്സിലാക്കുന്നു. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കി, സ്വദർശനചക്രധാരിയും നിങ്ങൾ തന്നെയാണ്. ശിവബാബ വന്ന് സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം നൽകുന്നു. ശിവബാബയിലൂടെ നമ്മളും മാസ്റ്റർ ജ്ഞാനസാഗരനായി മാറിയിരിക്കുന്നു. നിങ്ങൾ ജ്ഞാനനദികളാണല്ലോ. ഇതാണെങ്കിൽ കുട്ടികളുടെ മാത്രം പേരാണ്.

ഭക്തിമാർഗ്ഗത്തിൽ മനുഷ്യർ എത്ര സ്നാനം ചെയ്യുന്നു, എത്ര അലയുന്നു. വളരെയധികം ദാന-പുണ്യം ചെയ്യുന്നു, സമ്പന്നരായ ആളുകളാണെങ്കിൽ വളരെയധികം ദാനം ചെയ്യുന്നു. സ്വർണ്ണം പോലും ദാനം

നൽകുന്നു. നിങ്ങളും ഇപ്പോൾ മനസ്സിലാക്കി – നമ്മൾ എത്ര അലഞ്ഞിരുന്നു. ഇപ്പോൾ നമ്മൾ ഹഠയോഗികളൊന്നുമല്ല. നമ്മൾ രാജയോഗികളാണ്. പവിത്ര ഗൃഹസ്ഥാശ്രമത്തിലേതായിരുന്നു, പിന്നീട് രാവണ രാജ്യത്തിൽ അപവിത്രരായി മാറിയിരിക്കുന്നു. ഡ്രാമയനുസരിച്ച് ബാബ വീണ്ടും ഗൃഹസ്ഥധർമ്മം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ് മറ്റാർക്കും ഉണ്ടാക്കാൻ സാധിക്കില്ല. മനുഷ്യർ നിങ്ങളോട് ചോദിക്കുന്നു നിങ്ങളെല്ലാവരും പവിത്രമായിരുന്നാൽ ഈ ലോകമെങ്ങനെ മുന്നോട്ട് പോകും? പറയൂ, ഇത്രയും സന്യാസിമാർ പവിത്രമായിരിക്കുന്നു എന്നിട്ടെന്താ ലോകം അവസാനിച്ചുവോ? സൃഷ്ടി ഇത്രയും വലുതായിക്കഴിഞ്ഞിരിക്കുന്നു, കഴിക്കുന്നതിന് വേണ്ടി ധാന്യം പോലുമില്ല, അപ്പോൾ ഇനിയും സൃഷ്ടി വളർന്നാൽ എന്താകും. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് മനസ്സിലായി, ബാബ നമ്മുടെ സന്മുഖത്ത് സദാ ഹാജരാണ്, എന്നാൽ ബാബയെ ഈ കണ്ണുകൾ കൊണ്ട് കാണാൻ സാധിക്കില്ല. ബുദ്ധികൊണ്ട് അറിയുന്നു, ബാബ നമ്മൾ ആത്മാക്കളെ പഠിപ്പിക്കുകയാണ്, സദാ ഹാജരാണ്.

ആരാണോ വിശ്വശാന്തിയുടെ കാര്യം പറയുന്നത്, അവരോട് നിങ്ങൾ പറയൂ വിശ്വത്തിൽ ബാബ സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. അതിന് വേണ്ടിത്തന്നെയാണ് പഴയ ലോകത്തിന്റെ വിനാശം മുന്നിൽ നിൽക്കുന്നത്, 5000 വർഷങ്ങൾക്കു മുമ്പും വിനാശമുണ്ടായിട്ടുണ്ട്. ഇപ്പോഴും ഈ വിനാശം മുന്നിൽ നിൽക്കുന്നു പിന്നീട് വിശ്വത്തിൽ ശാന്തിയുണ്ടാകും. ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ കാര്യങ്ങളുണ്ട്. നിങ്ങൾക്കറിയാം സത്യയുഗത്തിൽ മുഴുവൻ വിശ്വത്തിലും ശാന്തിയുണ്ടായിരുന്നു. ഒരു ഭാരതഖണ്ഡമല്ലാതെ മറ്റൊരു ഖണ്ഡവുമുണ്ടായിരുന്നില്ല. പിന്നീടാണ് മറ്റു ഖണ്ഡങ്ങളുണ്ടായത്. ഇപ്പോൾ എത്ര ഖണ്ഡങ്ങളാണ്. ഇപ്പോൾ ഈ കളിയുടെയും അവസാനമാണ്. പറയുന്നുമുണ്ട് ,തീർച്ചയായും ഭഗവാനുണ്ടായിരുന്നു, എന്നാൽ ഭഗവാൻ ആരാണ്, ഏത് രൂപത്തിൽ വരുന്നു. ഇതറിയുകയില്ല. കൃഷ്ണൻ ഭഗവാനാവുക സാധ്യമല്ല. പ്രേരണയിലൂടെയോ അഥവാ ശക്തിയിലൂടെയോ ഒന്നും തന്നെ ചെയ്യിപ്പിക്കാൻ കഴിയില്ല. ബാബയാണെങ്കിൽ അതിസ്നേഹിയാണ്, ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. ബാബയാണ് സ്വർഗ്ഗം സ്ഥാപിക്കുന്നതെങ്കിൽ പിന്നീട് പഴയ ലോകത്തിന്റെ വിനാശവും ബാബ തന്നെ ചെയ്യിപ്പിക്കും. സത്യയുഗത്തിൽ ഈ ലക്ഷ്മീ–നാരായണൻമാരായിരുന്നുവെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ വീണ്ടും അവരവരുടെ പുരുഷാർത്ഥത്തിലൂടെ ലക്ഷ്മീ–നാരായണനായി മാറിക്കൊണ്ടിരിക്കുന്നു. ലഹരിയുണ്ടായിരിക്കേണ്ടേ. ഭാരതത്തിൽ രാജ്യം ഭരിച്ചിരുന്നു. ശിവബാബ രാജ്യം നൽകി തിരിച്ചുപോയി, ശിവബാബ രാജ്യം ഭരിച്ച് പോയി എന്ന് പറയില്ല. അങ്ങനെയല്ല. ഭാരതത്തിന് രാജ്യം നൽകി പോയി. ലക്ഷ്മീ–നാരായണൻ രാജ്യം ഭരിച്ചിരുന്നുവല്ലോ. ബാബ വീണ്ടും രാജ്യം നൽകാൻ വന്നിരിക്കുകയാണ്. പറയുന്നു – മധുര–മധുരമായ കുട്ടികളേ, നിങ്ങൾ എന്നെയും ചക്രത്തെയും ഓർമ്മിക്കൂ. നിങ്ങൾ തന്നെയാണ് 84 ജന്മമെടുത്തത്. കുറച്ച് പുരുഷാർത്ഥം ചെയ്യുകയാണെങ്കിൽ മനസ്സിലാക്കൂ ഇവർ കുറച്ചു ഭക്തിയേ ചെയ്തിട്ടുള്ളൂ. കുടുതൽ ഭക്തി ചെയ്തവർ പുരുഷാർത്ഥവും കൂടുതൽ ചെയ്യും. എത്ര വ്യക്തമാക്കിയാണ് മനസ്സിലാക്കിത്തരുന്നത് എന്നാൽ ബുദ്ധിയിൽ നിൽക്കണ്ടേ. നിങ്ങളുടെ ജോലിയാണ് പുരുഷാർത്ഥം ചെയ്യിപ്പിക്കുക. കുറവ് ഭക്തി ചെയ്തവരാണെങ്കിൽ യോഗമുണ്ടാകില്ല. ശിവബാബയുടെ ഓർമ്മ ബുദ്ധിയിലിരിക്കില്ല. പുരുഷാർത്ഥത്തിൽ ഒരിക്കലും തണുത്ത് പോകരുത്. മായയുടെ ശക്തി കണ്ട് ഹൃദയസ്തംഭനമുണ്ടാകരുത്. മായയുടെ കൊടുങ്കാറ്റ് ഒരുപാട് വരും. ഇതും കുട്ടികൾക്ക് മനസ്സിലായി, ആത്മാവ് തന്നെയാണ് എല്ലാം ചെയ്യുന്നത്. ശരീരം ഇല്ലാതാകുന്നതാണ്. ആത്മാവ് പോയി, ശരീരം മണ്ണായിക്കഴിഞ്ഞു. അത് പിന്നീട് കാണാൻ കഴിയില്ല. പിന്നീട് അതിനെ ഓർമ്മിച്ച് കരയുന്നതുകൊണ്ട് എന്ത് നേട്ടമാണുള്ളത്. അതേ വസ്തു വീണ്ടും ലഭിക്കുമോ. ആത്മാവ് പോയി അടുത്ത ശരീരമെടുക്കും. ഇപ്പോൾ നിങ്ങൾ വളരെ ഉയർന്ന സമ്പാദ്യം ഉണ്ടാക്കുന്നു. നിങ്ങളുടേത് തന്നെയാണ് ശേഖരിക്കപ്പെടുന്നത്, ബാക്കി എല്ലാവരുടെയും ഇല്ലാതാകും.

ബാബ നിഷ്കളങ്കനായ വ്യാപാരിയാണ്, അതുകൊണ്ടാണ് നിങ്ങളുടെ ഒരു പിടി അവിലിന് പകരം 21 ജന്മത്തേക്ക് കൊട്ടാരം നൽകുന്നത്, എത്ര പലിശയാണ് നൽകുന്നത്. നിങ്ങൾക്ക് എത്ര സാധിക്കുമോ ഭാവിയിലേക്കുവേണ്ടി സമ്പാദിക്കൂ. എന്നാൽ ഇങ്ങനെയല്ല, അവസാനം വന്ന് പറയും ശേഖരിക്കൂ, അപ്പോൾ ആ സമയത്ത് എടുത്തിട്ട് എന്ത് ചെയ്യാനാണ്. മൂഢനായ വ്യാപാരിയൊന്നുമല്ല. ജോലിക്ക് വരുന്നുമില്ല, ധാരാളം പലിശ കൊടുക്കേണ്ടതായും വരും. അങ്ങനെയുള്ളത് എടുക്കില്ല. നിങ്ങൾക്ക് ഒരു പിടി അവിലിന് പകരം 21 ജന്മത്തേക്ക് കൊട്ടാരം ലഭിക്കുന്നു. എത്ര പലിശയാണ് ലഭിക്കുന്നത്. ബാബ പറയുകയാണ് ,ഞാൻ നമ്പർവൺ നിഷ്കളങ്കനാണ് . നോക്കൂ, നിങ്ങൾക്ക് വിശ്വത്തിന്റെ ചക്രവർത്തി പദവിയാണ് നൽകുന്നത്, കേവലം നിങ്ങൾ എന്റേതായി മാറി സേവനം ചെയ്യൂ. ഭോലാനാഥനാണ് അതുകൊണ്ടാണ് എല്ലാവരും ഓർമ്മിക്കുന്നത്. ഇപ്പോൾ നിങ്ങൾ ജ്ഞാന മാർഗ്ഗത്തിലാണ്. ഇപ്പോൾ ബാബയുടെ ശ്രീമതത്തിലൂടെ നടക്കൂ, ചക്രവർത്തീ പദവി നേടൂ... ബാബാ ഞങ്ങൾ സൂര്യവംശത്തിൽ രാജ്യഭാഗ്യം നേടാൻ വന്നിരിക്കുന്നുവെന്ന് പറയുന്നുമുണ്ട്.... ശരി, നിങ്ങളുടെ മുഖം മധുരമാണോ. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ശ്രീമതത്തിലൂടെ നടന്ന് ചക്രവർത്തി പദവി നേടണം. ഒരു പിടി അവൽ നൽകി 21 ജന്മത്തേക്ക് കൊട്ടാരം നേടണം. ഭാവിയിലേക്ക് വേണ്ടി സമ്പത്ത് ശേഖരിക്കണം.

2) ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞ് ഈ പഴയ ലോകത്തു നിന്നും മമത്വം ഇല്ലാതാക്കി പൂർണ്ണമായും പാവനമായി മാറണം. എല്ലാം ചെയ്തുകൊണ്ടും ബുദ്ധി ബാബയിൽ മുഴുകിയിരിക്കണം.

## വരദാനം- മനസുകൊണ്ടുള്ള ശുഭഭാവനയിലൂടെ പരസ്പരം മുന്നോട്ടുനയിക്കുന്ന വിശ്വ കല്യാണകാരികളായി ഭവിക്കട്ടെ.

ആരെങ്കിലും തെറ്റ് ചെയ്യുകയാണെങ്കിൽ അവരെ പരവശരെന്ന് മനസ്സിലാക്കി ദയാദൃഷ്ടിയോടെ പരിവർത്തനം ചെയ്യൂ,അതേക്കുറിച്ച് ചർച്ച ചെയ്യരുത്.ആരെങ്കിലും കല്ലിൽ തടഞ്ഞ് നിൽക്കുകയാണെങ്കിൽ അവരെ മുന്നോട്ട് നയിക്കുക എന്നത് താങ്കളുടെ കടമയാണ്.അല്ലെങ്കിൽ അവരെക്കൂടി കൂട്ടുകാരാക്കി മാറ്റി ഒപ്പം കൂട്ടുക.ഇതിനായി ഓരോരുത്തരുടേയും വിശേഷതകളെ കാണൂ,കുറവുകളെ വിട്ടുകളയൂ.ആർക്കെങ്കിലും വാക്കുകളിലൂടെ മുന്നറിയിപ്പ് നൽകാനുള്ള സമയമില്ലെങ്കിൽ,മനസ്സുകൊണ്ട് ശുഭഭാവനയിലൂടെ പരസ്പരം സഹയോഗികളായി മാറി സ്വയം മുന്നോട്ടുപോവുകയും,മറ്റുള്ളവരെ മുന്നോട്ടുനയിക്കുകയും ചെയ്യുക,അങ്ങിനെയുള്ളവരെയാണ് വിശ്വകല്യാണകാരി എന്ന് പറയുക

## സ്ലോഗൻ: ദൃഢസങ്കൽപമാകുന്ന ബെൽറ്റിനെ ഉറപ്പിക്കുകയാണെങ്കിൽ സീറ്റിൽ അസ്വസ്ഥരാകേണ്ടി (അപ്സെറ്റ്) വരില്ല.

**അവ്യക്തസൂചന-ആത്മീയമായ അന്തസ്സിന്റേയും, പവിത്രതയുടേയും വ്യക്തിത്വത്തെ ധാരണ ചെയ്യൂ....**
പവിത്രതയാകുന്ന ദീപം നാനാഭാഗത്തും തെളിയുമ്പോൾ മാത്രമേ പ്രത്യക്ഷതയുടെ സൂര്യൻ ഉദിക്കുകയുള്ളൂ.എങ്ങിനെയാണോ ലോകത്തുള്ളവർ ദീപവും കൊണ്ട് പ്രദക്ഷിണം വെക്കുന്നത് അതുപോലെ പവിത്രതയാകുന്ന ദീപം എല്ലായിടത്തും പ്രകാശിപ്പിക്കുക.അപ്പോൾ എല്ലാവർക്കും ബാബയെ കാണാനും ,തിരിച്ചറിയാനുമാകും. പവിത്രതയുടെ ജ്വാല എത്ര ഉറച്ചതാകുന്നുവോ അത്രയും സഹജമായി എല്ലാവർക്കും ബാബയെ തിരിച്ചറിയാൻ കഴിയും മാത്രമല്ല പവിത്രതയുടെ ജയാരവം മുഴങ്ങുകയും ചെയ്യും.